"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് - ജീവനക്കാര്യം - കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് - വയനാട് ഡയറ്റിൽ സീനിയർ ലക്ചറർ ആയിരുന്ന ശ്രീ. സുനിൽ കുമാർ.എം.ഒ - യുടെ പേരിലുള്ള 240925557 നമ്പർ എസ്.എൽ.ഐ പോളിസിയുടെ ക്ലെയിം - സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് ചട്ടം 20.3 ലും 20.5 ലും ഇളവ് നൽകി - പോളിസികളുടെ അർഹമായ ആനുകൂല്യം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്-ഡി) വകുപ്പ്

സ.ഉ (സാധാ) നം.7444/2024/ധന തീയതി, തിരുവനന്തപുരം, 07/10/2024

പരാമർശം :- 1. എസ്.എൽ.ഐ ക്ലെയിം തീർപ്പാക്കിയതിലെ അപാകതകൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. സുനിൽ കുമാർ.എം.ഒ സമർപ്പിച്ച അപേക്ഷ

2.ഇൻഷ്വറൻസ് ഡെപ്യൂട്ടി ഡയറക്ടറുടെ 13/06/2024 തീയതിയിലെ കെ.എസ്.ഐ.ഡി/645/2024 എച്ച്. ക്യൂ ജി.എസ് 5 നമ്പർ കത്ത്

3. 16/11/1988 - ലെ സ.ഉ(പി) നം.840/88/ധന ഉത്തരവ്.

## ഉത്തരവ്

വയനാട് ഡയറ്റിൽ സീനിയർ ലക്ചറർ ആയിരുന്ന ശ്രീ. സുനിൽ കുമാർ.എം.ഒ തന്റെ 240925557 നമ്പർ എസ്.എൽ.ഐ പോളിസിയുടെ ക്ലെയിം തീർപ്പാക്കിയത് പുനഃപരിശോധിച്ച് ടി പോളിസിയുടെ അർഹമായ മുഴുവൻ ആനുകൂല്യവും നൽകണമെന്ന് പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. ശ്രീ. സുനിൽ കുമാർ.എം.ഒ യുടെ എസ്.എൽ.ഐ പോളിസിയുടെ പ്രീമിയം 09/2011 ന് ശേഷം 07/2012 ൽ (9 മാസം) കഴിഞ്ഞാണ് കിഴിക്കൽ നടത്തിയതായി പാസ്സ്ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ടിയാന് ട്രാൻസ്ഫർ ആയതിനാൽ എ.ജി യിൽ നിന്നും പേ സ്ലിപ്പ് അനുവദിച്ച് വരാനുള്ള കാലതാമസമാണ് ശമ്പളം മാറാൻ വൈകിയത്. എന്നാൽ ടിയാന്റെ പോളിസി 01/10/2022 ൽ ആണ് കാലാവധി പൂർത്തിയായത്. കാലഹരണപ്പെട്ട പോളിസി പുനരുജ്ജീവിപ്പിക്കുവാൻ 10/2022 വരെ അവസരങ്ങൾ ഉണ്ടായിരുന്നിട്ടും ഇതിനുള്ള നടപടികൾ സ്വീകരിക്കാതിരുന്നതു മൂലമാണ് ഇൻഷ്വറൻസ് ചട്ടം 20.5 പ്രകാരം ടിയാന്റെ ക്ലെയിം തീർപ്പാക്കേണ്ടി വന്നത്. ആയതിനാൽ ചട്ടപ്രകാരം തന്നെയാണ് വയനാട് ജില്ലാ ഇൻഷ്വറൻസ് ഓഫീസർ ഈ ക്ലെയിം തീർപ്പാക്കിയിട്ടുള്ളതെന്ന് പരാമർശം (2) പ്രകാരം ഇൻഷ്വറൻസ് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. സുനിൽ കുമാർ.എം.ഒ തന്റെ പോളിസി മുടക്കം വന്ന 10/2011 മുതൽ 06/2012 വരെയും 10/2018 മുതൽ 04/2019 വരെയുമുള്ള കാലയളവിലെ കുടിശ്ശിക പ്രീമിയം പിഴപ്പലിശ കൂടാതെ ഒടുക്കു വരുത്തിയിട്ടുണ്ട്. പ്രസ്തുത കാലയളവിലൊഴികെ പോളിസി പ്രീമിയം മുടക്കം കൂടാതെ അടവ് വരുത്തിയിട്ടുണ്ട് എന്നതും അക്കൗണ്ടന്റ് ജനറലിൽ നിന്നും പേസ്ലിപ് ലഭിക്കാൻ നേരിട്ട കാലതാമസമാണ് കുടിശ്ശിക വരാൻ കാരണമെന്നതും കണക്കിലെടുത്ത് ഒരു പ്രത്യേക കേസായി പരിഗണിച്ച് സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസിന്റെ ചട്ടം 20.3 ലും 20.5 ലും ഇളവ് നൽകി, മുടക്കം വരുത്തിയ തുകയുടെ 9% പലിശ

കുറവ് ചെയ്ത് പോളിസിയുടെ (KSID/LI/240925557) അർഹമായ ആനുകൂല്യം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എൽസി ജോർജ്**

**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II) കേരള, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്, തിരുവനന്തപുരം

ജില്ലാ ഇൻഷ്വറൻസ് ഓഫീസർ, ജില്ലാ ഇൻഷ്വറൻസ് ഓഫീസ്, ഒന്നാം നില, കെ.എം.ബിൽഡിംഗ്, നോർത്ത് സിവിൽ സ്റ്റേഷന് സമീപം, കൽപറ്റ, വയനാട്

ശ്രീ. സുനിൽ കുമാർ.എം.ഒ, മേലേ ഒറ്റപ്പിലാക്കൽ, കണ്ണിപ്പറമ്പ് പി.ഒ, മാവൂർ, കോഴിക്കോട് 673661

വെബ് & ന്യൂ മീഡിയ, പി. ആർ. ഡി.

നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് ( www.finance.kerala.gov.in)

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി ( ഇ 2749276/എസ്റ്റാ-ഡി2/27/2024-ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ